മിസ്റ്റർ പി. രാമൻ മനോൻ:— ദുഷ്പ്രയക്കാരനായ ഒരു തറവാട്ടുകാരണവനോട് ഒരു അനന്തിരവൻചെന്ന് എന്താണിങ്ങിനെ ദുഷ്പ്രയം ചെയ്യുന്നതെന്നു ചോദിച്ചപ്പോൾ കണക്കുണ്ടെല്ലോ നോക്കാമല്ലോ എന്നു പറഞ്ഞു കായസ്ഥനെ വിളിച്ചു കണക്കുബുക്കുകൊണ്ടു ആ അനന്തിരവന്റെ മുമ്പിൽ എറിയുന്നതുപോലെ ബഹുമാന്യനായ വൈദ്യവകുപ്പുഡൈക്ടർ ഇപ്പോൾ ഒരു സമാധാനം തന്നിട്ടുണ്ടെങ്കിലും, ആളെത്ര കേമനായാലും അദ്ദേഹവും ഒരു കായസ്ഥനാണെന്നുള്ളതുകൊണ്ടും, കണക്കുണ്ടെല്ലോ എന്നുള്ള സമാധാനത്തോടുകൂടിയും, കണക്കു പരിശോധിച്ചു അതിലുള്ള തെറ്റുവ്യത്യാസങ്ങൾ കണ്ടുപിടിക്കാമെന്നുള്ള വിശ്വാസംകൊണ്ടും, വല്ല തെറ്റും അതിലുണ്ടെങ്കിൽ ഇതാണോ നിങ്ങളുടെ കണക്കും കൂട്ടും എന്നു പറഞ്ഞു ഈ കണക്കതന്നെ അങ്ങോട്ടെറിഞ്ഞു മുഖത്തുനോക്കി മറുപടി ചോദിക്കുവാൻ അപ്പോൾ വീണ്ടും അവസരം കിട്ടും എന്നുള്ള വിചാരത്തോടുകൂടിയും ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുവാൻ സഭയോടു അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion was, with leave, withdrawn.

Motion No. 46.

Mr. E. P. Bhakara Menon:— *To reduce the allotment of Rs. 3,00,345 for Hospitals by Re. 1. (The distribution of house-rent allowance with greater discretion).*

സർ, നമ്മുടെ രാജ്യത്തുള്ള ആസ്പത്രികളിലും ഡിസ്പൻസറികളിലും ജോലി ചെയ്യുന്നവരായ ഡാക്ടർമാരിൽ ഒരാൾ മാത്രമേ ആ രാജ്യത്തുള്ള സകല രോഗികളേയും കാണുവാൻ ഉണ്ടാകയുള്ളു എന്നു നമുക്കു കാണാം. പ്രത്യേകിച്ചും എറണാകുളം, കൊച്ചി, മട്ടാഞ്ചേരി, തൃശ്ശൂർ എന്നീ സ്ഥലങ്ങൾ കഴിഞ്ഞു മറ്റുള്ള സ്ഥലങ്ങളിൽ എല്ലാം ഒന്നോ രണ്ടോ ഡാക്ടർമാരേ ഉണ്ടാകയുള്ളു. ഇങ്ങിനെ അധികം സ്ഥലങ്ങളിലും ജോലിചെയ്തുവരുന്ന ഡാക്ടർമാർക്കു താമസിക്കുവാനായിട്ടു ഗവൺമെൻറിൽനിന്നു ക്വാർട്ടേഴ്സ് ഉണ്ടാക്കിക്കൊടുത്തിട്ടില്ല എന്നുള്ളതു പ്രസ്താവയോഗ്യമാണ്. ആശുപത്രിയിൽ ജോലിചെയ്യുന്ന ഡാക്ടർമാരെല്ലാം ആശുപത്രിയിൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും ഇരിയ്ക്കണമെന്നുള്ള തരത്തിൽ അവക്ക് അടുത്തുതന്നെ ഗവൺമെൻറിൽനിന്നും വീടുകൾ പണിചെയ്തു കൊടുത്താൽ അത് ആശുപത്രിയിലേയ്ക്കു വരുന്ന ആളുകൾക്കു വളരെ ഉപകാരപ്രദമായിരിയ്ക്കുമെന്നാണ് എൻറെ വിശ്വാസം. രോഗം ആക്കും ഇന്നസമയത്തുതന്നെ വരുവൂ എന്നില്ലല്ലോ. അസന്നമരണരായി രോഗികൾ ആശുപത്രിയിൽവന്നാൽ വളരെ ദൂരെ പോയ ഡാക്ടരെ വിളിച്ചുകൊണ്ടു വരുന്നതുവരെ അവർ ജീവനോടുകൂടി ഇരിയ്ക്കുമോ എന്നുള്ള കാര്യംതന്നെ സംശയമാണ്. അതുകൊണ്ട് ഡാക്ടർ അടുത്തുതന്നെ ഉണ്ടെങ്കിൽ അവക്കു വളരെ ആശ്വാസമായിരിയ്ക്കും. എന്നാൽ ഈ നയം നമ്മുടെരാജ്യത്തു വളരെ പുരുക്കമായിട്ടേ അനുവർത്തിച്ചിട്ടുള്ളു എന്നു പറയാതെ നിവൃത്തിയില്ല. പക്ഷേ ഇപ്പോൾത്തന്നെ ഈ രാജ്യത്തുള്ള എല്ലാ ആസ്പത്രികളിലേയും ഡാക്ടർമാക്കു താമസിയ്ക്കുവാൻ ഗവൺമെൻറിൽനിന്നും വീടുകൾ ഉണ്ടാക്കിക്കൊടുക്കണമെന്നു പറഞ്ഞാൽ അതു വളരെ സാഹസമായേയ്ക്കും. പണമില്ല, പണമില്ല എന്നു പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയ്ക്ക് ഇതിനുംകൂടി കുറെ പണം ചിലവാക്കുവാൻ പറഞ്ഞാൽ അതു ന്യായമായിരിക്കയില്ല.

അതുകൊണ്ട് ഈ കാര്യത്തിൽ എനിക്ക് ഒന്നു പറയുവാനുണ്ട്. വീട്ടു വാടക എന്നുള്ള അത്ഥത്തിൽ കൊടുക്കാവുള്ള ഒരു ചെറിയ തുകയെ പറ്റിയാണതു്. എല്ലാദിക്കിലും ഉള്ള ഡാക്ടർമാക്കു താമസിക്കുവാൻ വീടു വേണമെന്നു നിങ്ങൾക്ക് അലോചിച്ചാൽ അറിയാം. ഇപ്പോൾ ചിലദിക്കുകളിലെ ഡാക്ടർമാക്കു മാത്രം അലവൻസു കൊടുക്കാറില്ലെന്നാണറിയുന്നതു്. അടുത്തുതന്നെയുള്ള മട്ടാഞ്ചേരിയിലെ ഡാക്ടർക്ക് ഹൌസ് റെൻറ് അലവൻസു് കൊടുക്കുന്നില്ലെന്നാണ് എൻറെ അറിവു്. ഉണ്ടെങ്കിൽതന്നെ അതു വളരെ കുറവാണു്. അതുപോലെതന്നെ ഈ പ്രാണാകുളത്തും ഹൌസ് റെൻറ് അലവൻസില്ലാതെ വേറെ സ്ഥലങ്ങളിൽ ഡാക്ടർമാർ താമസിച്ചു വരുന്നതും കഷ്ടമാണ്. അതു മാതിരിതന്നെ തൃശ്ശൂരും. ഞാൻ ഇവിടെ സംഖ്യയും മറ്റും എടുത്തു പറഞ്ഞു സമയം കളയണ്ടാ എന്നു വിചാരിച്ചാണു പൊതുവെ പറയുന്നതു്. ഈ നയം മാറ്റി ഇപ്പോൾ അലവൻസു കൊടുക്കാതെയുള്ള ഡാക്ടർമാക്കുംകൂടി കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്. ഈ നിലയിൽ ഡാക്ടർമാർ ആശുപത്രിയ്ക്കടുത്തുതന്നെ താമസിക്കുന്നതായാൽ രോഗികൾക്കു വളരെ സൌകര്യമായിരിക്കുമെന്നു ഗവർമ്മെൻറിനെ ധരിപ്പിക്കുവാനാണ് ഞാൻ ഈ മോഷൻ ഇവിടെ കൊണ്ടു വന്നിട്ടുള്ളതു്.

Dr. D. Raghavendra Rao:— Sir, the idea of granting a free house or a house rent allowance is intended for procuring the services of a medical officer at all times of the day. Houses are

LIBRARY ARCHIVES Kerala Legislative Assembly

provided for medical officers who are in charge of hospitals or dispensaries and in places where there are no houses, they are given a house rent allowance of Rs. 10. This has been the custom here as well as in British India. Very recently in British India these house allowances have been stopped. But we are continuing it. There are certain places in the State where it is impossible for a medical man to get a house close to the dispensary. These instances have been brought to the notice of the Government and houses intended for the residential quarters of medical officers are constructed. In all the hospitals we have got quarters attached and in dispensaries like Narakkal, Wadakkancherry and Kozhinjanpara we have got quarters attached to these. In other places they do not exist. The scheme of gradually putting up houses one or two per year so that all the dispensaries may also have residential quarters close to them is under consideration. This is a matter that can be brought to fruition only in course of time.

Mr. E. P. Bhaskara Menon:— I presume, Sir, that along with the promise of consideration held out by the Hon'ble Member for Medicine he will also see that in the pushing of the scheme, wherever possible, he will see that quarters are built in those places where it is most highly required and with that presumption I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 47.

K. S. Manickam:— *To reduce the allotment of Rs. 3,00,345 for hospitals by Re 1. (To open a dispensary at Karupadanna, Mukundapuram Taluk).*

Sir, the object of the motion is to open a dispensary at Karupadanna in the Mukundapuram Taluk. The reasons that are ususally brought forward for the opening and establishment of a dispensary in some places are present here. I believe that at least some of the Members of this House, Official and non-official, will be quite familiar with those reasons that are repeated year after year during the budget session for requesting Government to open dispensaries of such a type. Suffice it to say that such reasons are present in this case too at least to the same extent, if not more. The situation of Karupadanna between Irinjalakuda on the one side and Cranganur on the other, where there are two hospitals, might in all probability be cited as a reason for the non-necessity of the establishment of a dispensary. But the difficulty to reach these places lends a reason for the urgent necessity of establishing a dispensary there. I am sure that at least some of the circuiting

LIBRARY ARCHIVES Kerala Legislative Assembly

officers who resort to the Travellers Bungalow at Karupadanna on account of its cosy and comfortable situation will be quite conversant with the nature of the small village and its needs. To reach Cranganore for people belonging to this locality, it is rather difficult. The mode of vehicle that they have to resort to reach Cranganore is the small country boat. Travelling in country boats is always associated with some difficulty or other in the case of healthy people. I need not bring home the fact that the difficulty will be more prominent and predominent in the case of unhealthy people resorting to such a mode of travel. As regards the hospital at Irinjalakuda and as regards the convenience of these people I am in a position to advance an argument. Karupadanna is only four miles away from Irinjalakuda. The mode of conveyance resorted to is the bus. With due respect to the Hon'ble Member for Police I have to say that bus travelling is not looked upon as very healthy. Even a very healthy traveller, if he travels for some time in a bus, feels unhealthy. So if an unhealthy man travels in a bus the difficulty is all the more greater. The people of the locality are very very poor, not able even to earn their livelihood. To find out charges of conveyance to reach the hospitals will be an additional difficulty for them. In view of these difficulties I only request the Government to establish a dispensary at Karupadanna ere long. With these few words I commend the motion to the acceptance of the House.

Dr. D. Raghavendra Rao:— This is the first time that the proposal for opening a dispensary at Karupadanna has been brought to the notice of the Government. Karupadanna, as every one is aware, is within half an hour's distance by boat from Cranganore hospital. A new road has been constructed, to facilitate travel between Cranganur and Karupadanna. No doubt if there is surplus funds at the disposal of the Government I shall be the last person to say that a dispensary should not be started. Anyhow the matter will be considered and brought before the notice of the Government for final orders.

Mr. K. S. Manickam:— Though the proposal comes for the first time it is nevertheless a proposal. Besides the Hon'ble Member referred to the opening of a new road from Karupadanna to Pullut. That does not mend matters. Still we have to cross a ferry. There is a backwater which separates. So the difficulties that I suggested in the former case are present though to a less degree. But with the assurance of the Hon'ble Member for Medicine that he will open the dispensary when funds permit, and with a

LIBRARY ARCHIVES Kerala Legislative Assembly

pious wish that funds may permit him to do that, I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 48.

Mr. T. C. Iyyukkutty:— *To reduce the allotment of Rs. 3,00,345 for Hospitals by Re. 1. (To bring to the notice of the Government the necessity of a Government dispensary at Pazhanji.)*

Sir, Pazhanji is a steadily growing town in the Talappilly Taluq. It is located 7 miles away from Kunnamkulam according to the schedule. It commands 8 villages lying around. Some of these pay, area for area, the largest revenue in the Talappilly Taluq and are thickly populated. I am sorry to remark that this area lying in a remote corner of the State has not been able to enjoy much of the benevolence of the Central Government. Such a thickly populated area does not possess a well furnished Government Dispensary. At present we are provided with only a Grant-in-aid dispensary with a small stock of medicines which cannot meet the needs of such a big population. Our people are forced to seek the help of doctors from Kunnamkulam for the necessary operations, delivery cases etc. To seek immediate help from such a distant place is not easy even for well-to-do-people. Instances of deaths on account of the lack of immediate medical help, especially in delivery cases, are not a few. The existing grant-in-aid dispensary cannot stand the needs of the daily increasing number of patients. The working classes find it very difficult to spare a whole day and go over to Kunnamkulam thereby losing the day's wages. It has so occurred twice that the women of the working classes were carrying their sick children over to Kunnamkulam and on their way, the children died in their mothers' laps by the road side. Such undesirable events would not have occurred if a proper dispensary were accessible in the neighbourhood. At present we receive an allowance of Rs. 45 a month for the Grant-in-aid dispensary together with the leper clinic. Also one of the many honorary doctors working in several hospitals could be spared to Pazhanji. Therefore it would not involve much additional expense on the part of the Government to elevate the present grant-in-aid dispensary to a well-equipped Government dispensary. The necessity for a proper dispensary in Pazhanji has been brought home to the Government as far back as 4 years ago. But the Government never did anything to improve the condition for want of funds. The state of affairs here is so pressing that the Government should not bring forward the plea that the work could not be undertaken for want of funds. When necessity is so very great, it cannot be put off very long.

LIBRARY ARCHIVES Kerala Legislative Assembly

Dr. D. Raghavendra Rao:— Sir, about 6 years ago a grant-in-aid dispensary was started in Pazhanji and it is one of the most frequented dispensaries amongst the classes of rural dispensaries. No doubt Kunnamkulam is connected with Pazhanji with very good roads and means of conveyance is convenient and cheap. But still people of every locality wish to have dispensaries where they can get free medical aid and I shall be the last person to say that a dispensary is not necessary. It is only a question of funds. It means a recurring expenditure of 4 to 5 thousand rupees and an initial expenditure of 10 thousand rupees for buildings and necessary equipment. As the present finances of the State do not permit the launching of this scheme, we regret we shall have to postpone it until finances improve.

Mr. T. C. Iyyukutty:— Sir, I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 49.

Mr. A. Narayana Menon:— *To reduce the allotment of Rs. 3,00,345 for Hospitals by Rs. 5,000. (To press upon the Government the necessity of a Government Medical Dispensary at Nettur.)*

Sir, I do not want to state here the geographical position of this island. I have already stated that there are four islands there which are not connected with the mainland of Ernakulam or Trippunithura. The two nearest medical institutions we have are at Ernakulam and Trippunithura. With regard to the people of these four villages, I beg to submit that we have absolutely no medical convenience at all. There is only a grant-in-aid dispensary at Kumbalom which is at the westernmost part of these four islands. The officer in charge of this institution gets only Rs. 30 per month for medicines. That is too small a sum for the medical aid of 12000 people residing in these villages. I beg to submit that the majority of the people are not in any way benefitted by having a grant-in-aid dispensary at Kumbalom. Now that honorary surgeons are available, you can easily provide for a dispensary there. You need not pay anything to the Doctor and the thing that will be necessary is to add a small sum to the sum already given to the grant-in-aid dispensary for the purchase of medicines; with this a dispensary can be started. I need hardly submit that this is one of the most urgent needs of the place. Another point that I want to mention is this: 60 per cent of the people inhabiting these villages are suffering from the hook-worm disease and there are also cases of elephantiasis. I

LIBRARY ARCHIVES Kerala Legislative Assembly

am sure that these points will convince the House about the necessity for the medical aid that I pray for. I therefore commend this motion for the acceptance of this House.

Dr. D. Raghavendra Rao:— Government will consider this question very seriously. Since it involves much expenditure, I am unable to give an off-hand assurance. In this connection it may be noted that there is a dispensary at Kumbalom and we shall also consider the possibility of shifting it to a central place so that the object aimed at in the cut motion will be achieved.

Mr. A. Narayana Menon:— On that assurance of the Chief Medical Officer, I beg leave of the House to withdraw the motion.

Motion was, with leave, withdrawn.

Motion No. 50.

Mr. P. Raman Menon:— *To reduce the allotment of Rs. 15,069 for Mental Hospital by Re. 1. (To point out the dangers of want of proper accommodation for the inmates of Mental Hospital).*

സർ, ഭ്രാന്തന്മാരെ കൊണ്ടിട്ടിരിക്കുന്ന ഭ്രാന്താസ്പത്രിക്കു സ്ഥലം പോരാ, അവിടത്തെ സ്ഥിതി ആരെയും പരിഭ്രാന്തരാക്കത്തക്കതാണ് എന്നു പറയുവാൻവേണ്ടി ഒരു ഉപക്ഷേപവുംകൊണ്ടു പുറപ്പെട്ടിരിക്കുന്ന എന്നെ ഭ്രാന്തന്മാരുടെ വക്കത്തിൽ ഉൾപ്പെട്ടതുതന്നെ എന്നു ബഹുമാന്യരായ നിങ്ങളോടു ഞാൻ ആദ്യമായി അപേക്ഷിച്ചുകൊള്ളുന്നു. യാതൊരു ഭ്രാന്തും ഇല്ലാത്ത അരോഗദൃഢഗാത്രക്കുരുന്നു ഇരിക്കുന്നതിനും കിടക്കുന്നതിനും ആസ്പത്രികളിലും ജയിലുകളിലും മാറാം സ്ഥലം പോരാ എന്നു പറയുമ്പോൾ സർക്കാരിൽനിന്നു പണമില്ലാ, തരമില്ലാ എന്നു ഉത്തരം പറയുന്നതിനിടക്ക് ഇതാ ഭ്രാന്തന്മാർക്കു സ്ഥലംകൂടുതൽ വേണമെന്നുപറഞ്ഞുംകൊണ്ടു കരാൾ പുറപ്പെട്ടിരുന്നതു നാം ആരും വിചാരിക്കരുതു്. പരമാർത്ഥത്തിൽ ഭ്രാന്തന്മാർക്കാണു സ്ഥലം അധികം ആവശ്യമായിട്ടുള്ളതു്. കടിയ്ക്കരുതു്, മാന്തരുതു്, തമ്മിൽ തല്ലരുതു് എന്നു പറഞ്ഞാൽ അവർക്കറിയാമോ? ബുദ്ധിയില്ലാത്തവരല്ലേ. അഥവാ ഉള്ളതു് ഉപയോഗപ്പെടാത്ത വിധത്തിലായവരല്ലേ അവർ. സർ, ഈ ഭ്രാന്തന്മാരെ ഒരു കാലത്തു ഭ്രാന്തു മാറി പുറത്തുകൊണ്ടു പോകുമ്പോൾ, ചിലർക്കു കണ്ണില്ല; ചിലർക്കു ചെവിയില്ല; ചിലരുടെ മൂക്കില്ല എന്നവരുമ്പോൾ അവരുടെ ഉടമസ്ഥന്മാർ അവരെ മുമ്പിലത്തെപ്പോലെ ആക്കിത്തരണമെന്നു പറഞ്ഞാൽ ഗവർമ്മെൻറ് അവരോടു് എന്തു സമാധാനമാണു പറയുവാൻ പോകുന്നതു്? ഞാൻ എന്റെ സ്വന്തം അനുഭവം പറയാം. തൃശ്ശിവപേരൂർ ഭ്രാന്തശാലയിൽ രണ്ടും മൂന്നും ചിലപ്പോൾ അതിലധികവും പേരെ ഒരു മുറിയിൽ കൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടുപോയി അടച്ചിരിക്കുന്നു. അവരിൽ ഒരു ഭ്രാന്തസ്ത്രീയുടെ കാതു് മറ്റൊരു ഭ്രാന്തസ്ത്രീ കടിച്ചു മുറിച്ചു കളഞ്ഞിരിക്കുന്നു! മറ്റൊരാളുടെ മൂക്കു കാണുവാനില്ല. അംഗഭംഗങ്ങളില്ലാതെ അങ്ങെങ്ങും ഒരാളില്ല. കണ്ടാൽ കഷ്ടം തോന്നും. ഞാൻ ഇതു കണ്ടിട്ടു് അവിടത്തെ അധികൃതനായ ഡാക്ടരോടു് എന്താണിതിനു കാരണം, ഈ സ്ത്രീയുടെ കാതെവിടെ പോയി, അവരുടെ മൂക്കാരു കൊണ്ടുപോയി എന്നും മറ്റും ചോദിച്ചു. അതു് വേറൊരു ഭ്രാന്തി കടിച്ചതിനു, വേറെ ഒരുത്തി വലിച്ചുപൊട്ടിച്ചു, എന്നാണു നില്പ്പജ്ജം മറുപടി പറഞ്ഞതു്. രണ്ടുമൂന്നെണ്ണത്തിനെ ഒന്നിച്ചു ഒരു മുറിയിൽ പിടിച്ചിട്ടതാണു് ഇതിനു കാരണമെന്നു് അദ്ദേഹം പറഞ്ഞു. സ്ഥലമില്ലാഞ്ഞാൽ ആലയിൽ ആടുകളെ എന്നപോലെ ഭ്രാന്തന്മാരെ ഒന്നിച്ചു മേയ്ക്കുകയോ! ഉള്ള സ്ഥലത്തേക്കു വേണ്ടവരെ സ്വീകരിച്ചാൽ മതിയായിരുന്നു. മാറ്റവരെ ഉടമസ്ഥന്മാർ ആവുംവിധം നോക്കുമായിരുന്നു. ഭ്രാന്തിനുള്ള ചികിത്സ ഭ്രാന്തന്മാരെ ഒന്നിച്ചു ഒരു മുറിയിലിട്ടു പൂട്ടി പരസ്പരം ഉപദ്രവിപ്പിക്കുകയായിരിക്കുമോ? ഈ പുതിയ ചികിത്സാസമ്പ്രദായത്തിന്റെ ഉടമസ്ഥനും ഉടയവനും ആരാണു്? അപരിഷ്കൃതവും അപഹാസ്യവുമായ ഈ നീചകൃത്യം നില നില്ക്കുന്നതിൽ ഗവൺമെന്റിനു ലജ്ജയില്ലേ? നാലുപുറവും മതിൽകെട്ടി ഇവരെ അതിനുള്ളിലാക്കിയാലും അഴിക്കിട്ടും കടിയ്ക്കാനോ പിടിക്കാനോ വരുമ്പോൾ മറ്റേ ആളോടു് ഓടുകയെങ്കിലും മാറുകയെങ്കിലും ചെയ്യാമല്ലോ. ഭ്രാന്തന്മാരായാലും കടികൊണ്ടാൽ അവർക്കും തീച്ചയായും വേദനയുണ്ടാകും. അതു സമയത്തു സുബോധം വരും. അപ്പോൾ ഒന്നു മാറി നില്ക്കുവാൻകൂടി സ്ഥലമില്ലെങ്കിൽ പിന്നെ കടി കൊള്ളുകയല്ലാതെ എന്താണു നിവൃത്തി! ഭ്രാന്താസ്പത്രി കണ്ടാൽ അതിലെ അതിഥികളേക്കാൾ ഭ്രാന്തു ആതിഥേയന്മാർക്കാണെന്നു തോന്നിപ്പോകും. അഥവാ ഭ്രാന്തു് എന്താണു് ഭ്രാന്തൻ ആരാണെന്നതന്നെ ആർക്കറിയാം. ഭ്രാന്തു് എവിടെ തുടങ്ങി. സുബോധം എവിടെ അവസാനിച്ചു എന്നതുതന്നെയും വാദവിഷയമാണു്.

എന്തായാലും ഭയങ്കരമായ ഒരു രംഗമാണു് അവിടത്തെ ഭ്രാന്താസ്പത്രി. അവിടത്തെ സംഭവങ്ങൾ വിവരിക്കുകയാണെങ്കിൽ ഹൃദയമില്ലാത്ത യന്ത്രച്ഛായയുള്ളതായി പറയപ്പെട്ടുന്ന ഗവൺമെന്റിനല്ലാതെ കേൾക്കുന്നവർക്കും തീച്ചയായും സഹിക്കുവാൻ സാധിക്കുകയില്ല. ഞാൻ അവിടത്തെ ദാരുണ സംഭവങ്ങളൊന്നും പറയേണ്ട മാതിരി ഇവിടെ പറഞ്ഞിട്ടില്ല. അതു പറയുവാനുള്ള ശക്തി എനിക്കില്ലാ, വാക്കുകൾക്കുമില്ല. ഞാൻ എന്റെ സർവ്വശക്തികളും ഉപയോഗിച്ചു ഗവൺമെന്റിനോടു കേണപേക്ഷിക്കുന്നു നിവൃത്തിയുണ്ടെങ്കിൽ—ഇല്ലെങ്കിൽ ഉടനെ ഉണ്ടാക്കി—കാരോ ആൾക്കും കാരോ മുറി വീതം കൊടുക്കണമെന്നു്. അതിനു

LIBRARY ARCHIVES Kerala Legislative Assembly

ഭാവമില്ലെങ്കിൽ ആ ഭ്രാന്താലയമേ വേണ്ടാ എന്നെ വയ്ക്കണം എന്നു്. അല്ലെങ്കിൽ അപമാനവും ആപത്തും ആളിപ്പിടിക്കുമെന്നു്. സാധാരണപോലുള്ള ഒഴുക്കനും പരുക്കനുമായ മറുപടി ഇക്കാര്യത്തിൽ ഉണ്ടാകയില്ലെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഉപക്ഷേപത്തെ സഭയുടെ മുമ്പാകെ ഞാൻ സാദരം സമർപ്പിച്ചുകൊള്ളുന്നു.

Mr. E. Ikkanda Warriar: – Sir, I support this motion. I do not propose to make a big speech and to get out of the good impression created by my Honble friend, the Member for Mulakunnathukavu. I only beg to submit that every word of what he said is quite true. I am one of the honorary visitors of that asylum. This is one of the said experiences which we were feeling everyday. I think, Sir, if you are pleased to call for the remarks of the visitors noted in the book kept there, you will note that one of the crying needs of this institution is want of accommodation. In small rooms measuring 6' x 6' four to six patients are put and it is no exaggeration to say that there is not a single lady lunatic patient in that asylum whose ears are not cut or nose smashed to pieces. Such is the state of affairs. If you chance to go to Trichur, I would personally request to go and see the place yourself. It is impossible to describe the state of affairs there. Even my friend was not able to visualise the existing state of affairs. With these few words, I very heartily support the motion.

മിസ്റ്റർ സി. ആർ. ഉണ്ണി:—സർ, മിസ്റ്റർ രാമൻ മേനോൻ തൃശ്ശൂരിലെ ഭ്രാന്താശുപത്രിയെപ്പറ്റിയെങ്കിലും കുറച്ചുസമയത്തിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അധികം സാരമില്ലാത്ത വിധത്തിൽ അതിനെക്കുറിച്ചു് ഒരു പ്രസംഗം ചെയ്യുമെന്നും ഞാൻ വിചാരിച്ചിരുന്നില്ല. ആ ഭ്രാന്തശാലയുടെ ശരിയായ സ്ഥിതി കണ്ടറിയുന്നതിനു് അതിനകത്തു കടന്നുപോയാൽ തീച്ചയായും ഭ്രാന്തന്മാരായിട്ടതന്നെ മടങ്ങി വരുമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതിനുള്ളിൽ ഉദ്ദേശം ഫ്രാക്ടമേലും ക്രമം—നു് അകവും ആളുകളെ അടച്ചിട്ടുണ്ടു്. അതിൽ ദുർല്ലഭം ചില മുറികൾ ഒഴിച്ചു് മറ്റുള്ള കാരോ മുറിയിലും കുറഞ്ഞതു് മൂന്നു രോഗികൾ വീതം അടച്ചിട്ടുണ്ടു്. എതു കാലത്താണു് (Lunatic Asylum) ലൂണാറിക്കു് അസൈലം എന്നതു മാറി (Mental Hospital) മെൻറൽ ഹൊസ്പിറൽ ആക്കിയതെന്നും, അതിന്റെ കാരണം എന്താണെന്നും എനിക്കറിഞ്ഞുകൂടാ. ഇപ്പോഴും അതു് വെറും ഒരു അസൈലം അല്ലാതെ ഹോസ്പിറലാണെന്നു പറയുവാൻ പാടില്ല. ഞാൻ കുറെക്കാലം ഗവൺമെണ്ടിനാൽ വിശ്വയിക്കപ്പെട്ട സന്ദർശകൻ ആയിരിക്കുമ്പോൾ അവിടെ പോയിട്ടുണ്ടു്. കാരോ തവണയും ഞങ്ങൾ അവിടെ പോയി യോഗം കൂടുമ്പോൾ സ്ഥലം പോരാ എന്നു രേഖപ്പെടുത്തുക പതിവാണു്. ചില മുറികളിൽ ആറും അതിൽ കൂടുതലും ആളുകളെ അട

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. അവിടെ തമ്മിൽതല്ലു ധാരാളം നടക്കുന്നുണ്ടെന്നു പറയാതെ തരമില്ല. അതിനകത്തു കയറിനോക്കിയാൽ ഏതൊരു മനുഷ്യന്റേയും ഹൃദയം പിളരാതിരിക്കുകയില്ല. അരയിൽ വസ്ത്രമില്ലാതേയും, അംഗഭംഗത്തോടുകൂടിയും ചില കൂട്ടരെ കാണാം. ചിലരോട് ഭിക്ഷയെന്നു ചോദ്യം ചെയ്യാലും മൌനവ്രതം അനുഷ്ഠിച്ചിരിക്കുകയേ ഉള്ളു. മറ്റു ചിലർ വെറുതെ ഇരുന്നു പാട്ടും പാടിക്കൊണ്ടിരിക്കും. ഈവകരോഗങ്ങൾക്കു സാധാരണയായിട്ട് ഔഷധം മാത്രമല്ല നല്ലവെള്ളവുംകൂടി സമൃദ്ധിയായി വേണം. ചിത്തഭ്രമക്കാർക്കു ജലധാര നടത്തിയാൽ കുറച്ചൊക്കെ ശമനമുണ്ടാകും എന്നു കേട്ടിട്ടുണ്ട്. ഈ ആസ്പത്രിയിൽ ഒരു കിണറ്റിൽ കുറച്ചുവെള്ളം ഉണ്ട്. അതു ദിവസത്തിൽ ഒരു തവണയെങ്കിലും കോരോരുത്തരേയും കുളിപ്പിക്കാൻ മതിയാകുന്നതല്ല. ഈ സ്ഥാപനം പേരിനു മാത്രംവച്ചുകൊണ്ടിരിക്കുകയാണെങ്കിൽ വേണ്ട എന്നു വക്കുകയാണു നല്ലതു്. കൊച്ചീ രാജ്യത്തുള്ളവർ ഈ സ്ഥാപനത്തെ കുറിച്ചു പറയുകയില്ലെങ്കിലും പുറത്തുള്ളവരാരെങ്കിലും വന്നു കണ്ടാൽ അവർ ഇതിനെപ്പറ്റി പറയുന്ന അഭിപ്രായം വളരെ ചീത്തയായിരിക്കും. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെണ്ടു കൂടുതൽ ദൃഷ്ടിവക്കണമെന്നു പറയാതെ നിവൃത്തിയില്ല.

നമ്മുടെ ബഡ്ജറ്റു തന്നെ നോക്കുകയാണെങ്കിൽ (Dietary charge) ഡയററി ചാർജസിനു് 6250 ഉറുപ്പികയാണു വച്ചിരിക്കുന്നതു്. മാസം 1200 ഉറുപ്പികയെങ്കിലും വേണം നൂറിൽ ചിലപ്പോൾ ആളുകളുടെ ചിലവിനു്. ഈ നിലയിൽ ഇത്രയും ചുരുങ്ങിയ സംഖ്യകൊണ്ടു് ആശുപത്രിയിലെ രോഗികൾക്കു ക്രമമായി ഭക്ഷണം മുതലായവ കൊടുപ്പാൻ സാധിക്കുകയില്ല. വേണ്ടുംവണ്ണം നടത്തുവാൻ സാധിക്കാത്തപക്ഷം അതു വേണ്ട എന്നു വക്കുകയായിരിക്കും ഉത്തമം. അതുകൊണ്ട് ബഹുമാനപ്പെട്ട മുള്ളൂർക്കുന്നത്തുകാവു മെമ്പരുടെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു.

മിസ്റ്റർ വി. കെ. കുട്ടി:—സർ, ഇത്ര ഭയങ്കരമായ ഒരു സംഭവം, അതെ, തൃശ്ശിവപേരൂർ ഭ്രാന്താശുപത്രിയിൽ നടക്കുന്നതായി വിവരിച്ച ആ സംഭവം കൊച്ചീരാജ്യഭരണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു് ഇവിടെയുള്ള മെമ്പർമാരിൽ അധികംപേർക്കുമെന്നോണം എനിക്കും മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ജീവനുള്ള ആളുകളെ ഒരു മുറിയിൽ അടച്ചു് തമ്മിൽ തല്ലിച്ച കഷ്ടതയനുഭവിപ്പിക്കുന്ന ഒരു സംഭവമാണ് ഇവിടെ കേൾക്കുവാനിടയായതു്. ഇത്ര ദയനീയമായ ഒരു സംഭവം ദിവാൻ പ്രസിഡൻറവർകളും ഇപ്പോഴായിരിക്കും ധരിക്കുന്നതു്. ഇതു് ഒരു ചെറിയ കാര്യമല്ല. ഈ കാര്യത്തിൽ ദയവു ചെയ്തു് ബഹുമാനപ്പെട്ട ഗവൺമെൻറും ദിവാൻ പ്രസിഡൻറവർകളും പ്രത്യേകം ശ്രദ്ധവച്ചു പ്രവൃത്തിക്കണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷയാണ് എനിയ്ക്കുള്ളത്. ഈ വിഷയത്തിന്റെ ഗൌരവം എത്രയാണെന്നും, ഇതിൽ എന്തൊക്കെയാണ ഗവൺമ്മെന്റു പ്രവൃത്തിക്കേണ്ടതെന്നും ആലോചിപ്പിനും സമയം കളഞ്ഞിട്ടു കാര്യമില്ല. ഇതുയും അപൽക്കരമായ കരു സംഭവം ഈ കൊച്ചീരാജ്യത്തിൽവച്ചു നടക്കുന്നു വെന്നു കേൾക്കുമ്പോൾ ഞങ്ങളുടെ ഹൃദയം പിടയ്ക്കുന്നു. ഈ സാധുക്കൾ ഇതുയും അപൽക്കരമാപണ്ണം മർദ്ദിതരാകാതിരിക്കുവാൻ ഗവൺമ്മെണ്ടു് അടിയന്തിരമായി വേണ്ട നടപടികളും നടത്തണമേ എന്നാണു ഞാൻ അഭ്യർത്ഥിക്കുന്നതു്.

മിസ്റ്റർ ടി. കെ. നായർ:—ട്രാന്താസ്റ്റ്രിയിൽ നടക്കുന്ന അഴിമതികളെ സംബന്ധിച്ചു് ഈ നിയമസഭയിൽ പലേ അവസരങ്ങളിലും അനുദ്യോഗസ്ഥസാമാജികന്മാർ അവരുടെ അഭിപ്രായം പ്രകടിപ്പിക്കുകയും, ഗവൺമ്മെന്റു് അതിനെ സംബന്ധിച്ചു് വേണ്ടതു പ്രവൃത്തിക്കാമെന്നു വാക്കു തരുകയും ചെയ്തിട്ടുണ്ടു്. പുന്നിട്ടും അനുദ്യോഗസ്ഥന്മാർ കട്ടാകെ ചുമതലാബോധമില്ലാത്തവർ (Irresponsible) ആണെന്നു് ഗവൺമ്മെന്റു പറയുന്നതിനെ ഞങ്ങൾ പ്രതിഷേധിക്കുന്നു. അപ്പോഴപ്പോൾ ഗവൺമ്മെന്റു വാക്കു തന്നിട്ടും ചെയ്യാതിരിക്കുന്ന സംഗതികളെ ചൂണ്ടിക്കാണിക്കുന്നതിൽവച്ചു് ഞങ്ങളാണു് ഇറസ്പോൺസിബിൾ എന്നു പറയുന്നതിൽ ഞങ്ങൾക്കു വളരെ സങ്കടമുണ്ടു്. സ്വബോധമുള്ള ആളുകൾതന്നെ തമ്മിൽ കുത്തും കലയും നടത്തുന്ന ഇക്കാലത്തു് സ്വബോധമില്ലാത്ത ആളുകളിൽ നാലോ അഞ്ചോ പേരെ കുന്നിച്ചു് ഒരു മുറിയിലിട്ടടച്ചു് അവർക്കു ചില അംഗഭംഗങ്ങൾകൂടി വരുത്തിച്ചേരുന്നതു കണ്ടുകൊണ്ടിരിക്കുന്ന ഒരു ഗവൺമ്മെൻറിനെ ഒരു ചുമതലാബോധമുള്ള ഗവൺമ്മെൻറാണെന്നു പറയുവാൻ ഞങ്ങൾക്കു രുമില്ല. എപ്പോഴും പണമില്ല, പണമില്ല എന്നുള്ള കുരാറു മറുപടിയാണു ഞങ്ങൾക്കു കിട്ടാറുള്ളതു്. എന്തെങ്കിലും കുറവുസരത്തിൽ ഗവൺമ്മെൻറിനോടു ധരിപ്പിക്കുന്ന വിഷയം ചെയ്യുവാൻ കുറുക്കമില്ലെന്നു് ഇതുവരെ ഗവൺമ്മെൻറു മറുപടി പറഞ്ഞിട്ടില്ല. അങ്ങിനെ കുറുക്കമില്ലെന്നു് എപ്പോഴെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ കുറു വിഷയവും ഞങ്ങൾക്കു് ഇവിടെ വന്നു പറയാതെ കഴിക്കാമായിരുന്നു. "നിങ്ങൾ പറയുന്നതെല്ലാം ശരിയാണു്; നിങ്ങളുടെ ഉദ്ദേശവും ശരിയാണു്; ഗവൺമ്മെൻറു് അതിന്റെ പ്രിൻസിപ്പിൾ അംഗീകരിച്ചു കഴിഞ്ഞു; പക്ഷേ പണമില്ല" എന്നാണു് ഗവൺമ്മെൻറു പറയാറുള്ള മറുപടി.

എന്തെങ്കിലും കുറു വിഷയത്തിനു ഗവൺമ്മെൻറിനു് കുറിക്കലും പണമില്ലെന്നു പറയുവാൻ നിവൃത്തിയില്ല. (ഹിയർ, ഹിയർ) ന്യായമായ ഭരണം നടത്തുന്നതിനു വേണ്ടതായ പണം ഉണ്ടാക്കേണ്ടതു ഗവൺമ്മെൻറിന്റെ ചുമതലയാണു്. ഭണ്ഡാരത്തിലെ പണം മുഴുവൻ ചിലവു ചെയ്തു

വാനുള്ള ബഡ്ജറ്റുണ്ടാക്കുന്നതു് പരിഷ്ക്കൃത ഗവൺമെൻറുകളാണോ? എന്തെല്ലാം പരിഷ്ക്കാരങ്ങളാണു വേണ്ടതെന്നുള്ളതിനു് ആദ്യമായി ചിലവുകളുടെ കായ്മത്തിൽ ഒരു കായ്മപരിപാടി ഉറപ്പിച്ചു് സാരമായ ബാക്കിവരുത്തുവാനുള്ള സംഖ്യയ്ക്കു മാർഗ്ഗം കണ്ടുപിടിക്കുവാൻ വേണ്ടി അന്നത്തെ സ്ഥാനാമാജികന്മാരെ കൂട്ടിപ്പിടിച്ചു് നടത്തുന്നതല്ലേ ഒരു ഗവൺമെൻറിന്റെ മുമതല. ഇന്നു് ഈ മെഡിക്കൽ വകുപ്പു് സംബന്ധിച്ചു ഉപക്ഷേപങ്ങൾ ഇവിടെ അവതരിപ്പിച്ചതിനുശേഷം സഭ്യനിയോജകമണ്ഡലങ്ങളിൽ നിന്നുമുള്ള—ഒരാൾക്കു് ആശുപത്രി വേണം; ഒരാൾക്കു് റൂറൽ ഡിസ്പെൻസറി വേണം; ഒരാൾക്കു മരുന്നു വേണം; ഒരാൾക്കു കിടക്കുവാൻ കിടക്കയില്ല; ഒരാൾക്കു ബത്ത കിട്ടുന്നില്ല എന്നിങ്ങിനെയുള്ള—പല വിധ ആവലാതികളും ഇതിനു മുമ്പായിട്ടു് ഗവൺമെൻറിനെ ധരിപ്പിച്ചു കഴിഞ്ഞിട്ടുണ്ടു്. ഇതിനെല്ലാറ്റിനുംകൂടി ഗവൺമെൻറു പറയുന്ന മറുപടി "ഫണ്ടില്ല" എന്നുള്ളതാണു്. ഇതു് ഒരു വലിയ സങ്കടാവസ്ഥയാണു്. ഒരു പരിഷ്കൃത ഗവൺമെൻറിനെറ ആദ്യത്തെ മുമതല രോഗികളെ ചികിത്സിക്കുക എന്നുള്ളതല്ലേ? (ഹിയർ, ഹിയർ) അതിനു വേണ്ട പണം ഉണ്ടാക്കാൻ കഴിയാത്ത ഗവൺമെൻറു ഗവൺമെൻറാണോ? (ഹിയർ, ഹിയർ) ഒരു ഗവൺമെൻറിനു കഴിച്ചു കൂടാത്ത രണ്ടപ്പെൻസിപ്പിറ്റിസിൽ ഒന്നല്ലേ രോഗചികിത്സ എന്നുള്ളതു്; മറ്റതു പ്രാഥമിക വിദ്യാഭ്യാസവും. ഇവയിൽ ഏറ്റവും മുന്നണിയിൽ നിൽക്കുന്നതല്ലേ രോഗികളെ ചികിത്സിയ്ക്കുകയെന്നതു്? അതിനു പണമില്ലെന്നു പറഞ്ഞാൽ വളരെ കഷ്ടം തന്നെയാണു്.

ഉദ്യോഗിലെ സിവിലാസ്പത്രിയെ വീക്ഷണം ചെയ്യുവാൻ പോകുന്നു; അവിടത്തെ ആശുപത്രിയെ പരിഷ്ക്കൃത രീതിയിൽ കൊണ്ടുവരുവാൻ വിചാരിയ്ക്കുന്നു; വേറെ പല ആശുപത്രികളുടേയും ആവശ്യത്തിന്നായി ആറായിരവും, ഏഴായിരവും ഉറപ്പിക ചിലവാക്കി എന്നെല്ലാം പറഞ്ഞതു. അതെല്ലാം ശരിതന്നെയാണു്. ഈ ഭ്രാന്താശുപത്രിയിൽ മൂന്നോ നാലോ അന്തേവാസികൊല്ലം മുമ്പു മുതൽ കണ്ടുവരുന്ന ഈവക അഭിമതികളെ സംബന്ധിച്ചു ഗവൺമെൻറു് ഇതുവരെ എന്തു പ്രവൃത്തിച്ചു എന്നു പറയുവാൻ സാധിയ്ക്കുമോ? അവിടെ കുടിയ്ക്കുവാൻ വെള്ളമില്ല എന്നു സംഗതി പലേ അവസരങ്ങളിലും ഇവിടെവച്ചു് അന്നത്തെ മുനിസിപ്പൽ ചെയർമാനും, ചെയർമാനായിരുന്ന ഡാക്ടർ എ. ആർ. മേനോൻ വാദിച്ചിട്ടുണ്ടു്. അതിനേറ്റും ഫലം ഉണ്ടായിട്ടില്ല. ഇനിയെങ്കിലും ഇതുപോലെ കായ്മമായിട്ടുള്ള സംഗതികൾ വരുമ്പോൾ, അനാവശ്യ ചിലവുകളെല്ലാം മാറ്റിവച്ചു് പൊതുജനങ്ങൾക്കു് അത്യാവശ്യവും സഹായവുമായി തീരുന്ന സംഗതികൾ ചെയ്തുകൊടുക്കണം. എത്രത്തോളം സംഖ്യ വരവുണ്ടെന്നു നിശ്ചയിച്ചു് അതിൽ ശമ്പളമായി വീതിക്കേണ്ട ഉറപ്പിക

LIBRARY ARCHIVES Kerala Legislative Assembly

കഴിച്ച ബാക്കിയുള്ളതു മാത്രമേ വകയിരുത്തുവാൻ സാധിച്ചുള്ളൂ. ഇപ്പോഴത്തെ ബഡ്ജറ്റിലും ന്യായമായ ബഡ്ജറ്റാണെങ്കിൽ കൊള്ളാമെന്നു പ്രത്യേകമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

Dr. D. Raghavendra Rao:— Sir, the present condition of the Mental Hospital, Trichur, is not very far from what has been described by the Hon'ble Members opposite. Ever since I took charge of the Department, I have brought this fact several times to the notice of the Government and I also took the former Diwan to the Hospital to see its condition. The difficulty was whether the hospital should be located there or shifted to some other place outside the town the land available there being only 3½ acres in extent and as a modern mental hospital requires one acre for five patients since they are not intended as cells but also for walking accommodation. It was decided to have an extensive plot of land and build the hospital on modern lines. Originally, the building put up there was intended to accommodate ten or fifteen persons. Since then, there has been of recent years, an increase in the number of patients and Government put up three additional wards to accommodate 30 or 40 patients more. Notwithstanding this, the number of patients has increased and the present number is about 130. When the idea of increasing the accommodation was proposed to the Government, the Members of this House suggested that the hospital should be shifted away from Trichur and a committee was constituted for this purpose. Several proposals were made by the committee one of which was to acquire a small plot of land adjoining the present hospital and the other to shift it altogether about 2 miles away from the place, and a suitable site was selected a mile away from Trichur. Acquisition proceedings are going on and I believe the land will be taken over charge very soon. For putting up and planning of the necessary building it will take some time. Therefore, Government thought as an immediate measure it would be better to improve the condition there and make additional accommodation just as a stop-gap arrangement. The permanent shifting of the Mental Hospital to the Olarikkara site has been ordered. Buildings will be constructed there in the near future, and the whole of the hospital will be shifted to that site when I hope that an up-to-date hospital with all necessary equipments will be ready.

Mr. P. Kumaran Ezhuthassan:—On a point of information, Sir. May I know when will the shifting to the Olarikara site be completed ?

Dr. D. Raghavendra Rao:—I cannot commit the Government to any definite date.

LIBRARY ARCHIVES Kerala Legislative Assembly

Mr. T. S. Narayana Ayyar:— Acquisition proceedings are already over. The proposed site is nearly 3 times that of the present one. The construction will be proceeded with as soon as possible.

മിസ്റ്റർ പി. രാമൻമേനോൻ:— ബഹുമാന്യനായ വകുപ്പദ്ധ്യക്ഷനവർകളുടെ ഉക്കായ്മത്തിലെ സമാധാനവും ബാക്കി സംഗതികളുമെന്നപോലെ തെല്ലുകിലും തൃപ്തികരമായിട്ടുണ്ടെന്നു പറയുവാൻ എനിയ്ക്കു വിഷമമുണ്ട്. എന്നോ ഒരു കാലത്തു് എവിടേയ്ക്കോ ഒരു ദിക്കിലേക്കു ഭ്രാന്താശുപത്രി മാറിയേക്കാമെന്നും, അന്നു് അവിടെ വേണ്ടതു ചെയ്തുകൊള്ളാമെന്നും പറഞ്ഞാൽ തൃപ്തിപ്പെടുന്നവരല്ല ആ ഭ്രാന്തശാലാനിവാസികൾ. ഈ കായ്മത്തിൽ ഉടനടി, വരുന്ന ഓണത്തിനു മുമ്പുതന്നെ, എന്തെങ്കിലും കായ്മായ വിധം ഒന്നു ചെയ്യാമെന്നു തീച്ചയായും ഗവൺമെൻറ് ഏല്ക്കുന്നപക്ഷം ഞാൻ അല്പതൃപ്തനായിട്ടെങ്കിലും ഈ ഉപക്ഷേപത്തെ പിൻവലിയ്ക്കാം. അപ്രകാരം വരുന്ന ഓണത്തിനുതന്നെ അവർക്കു്, ആ ഭ്രാന്തന്മാർക്കു വെവ്വേറെ മുറികളിൽത്തന്നെ ഇലവച്ചു ചോറുകൊടുക്കാനുള്ള സൌകര്യം ഉണ്ടാക്കിക്കൊള്ളാം; ഞാൻ ഏറെ എന്നു പറയുവാൻ വൈദ്യവകുപ്പദ്ധ്യക്ഷൻ തയ്യാറില്ലെങ്കിൽ ഞാൻ ഈ ഉപക്ഷേപത്തെ പ്രസ്സുചെയ്യണമെന്നും, തൻറോടം തീരെ വിട്ടിട്ടില്ലാത്ത അനുദ്യോഗസ്ഥ വിഭാഗത്തിൻറെയെങ്കിലും ദുഷ്ടമായ അഭിപ്രായത്തെ സുവ്യക്തമാക്കണമെന്നുതന്നെയാണു് ആഗ്രഹിക്കുന്നതു്. വോട്ടിനിടുവാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

Motion was put and carried.

Motion No. 51.

Mr. P. Raman Menon:—*To reduce the allotment of Rs. 50,042 for Leper Hospital by Re. 1. (To point out the necessity for stricter supervision in the affairs of the Leper Hospital and for sending therein all the lepers that are wandering outside.)*

ഭ്രാന്തന്മാർ പുറത്തു് ഓടിനടക്കുന്നുവെന്നു കേൾക്കുമ്പോൾ ജനസമൂഹത്തിനു് ആകെ ഉണ്ടാകാവുന്ന ഭയം പരിഭ്രമത്തേക്കാൾ ഒട്ടും കുറവല്ലാത്തതും, അതിനേക്കാൾ കൂടുതൽ ഭയങ്കരമായിട്ടുള്ളതുമാണു കുഷ്ഠരോഗികൾ തെരുവുകളിൽകൂടി ഓടിനടക്കുന്നുവെന്നുള്ള സംഗതി. ഒരോ അവസരങ്ങളിൽ ഉത്സവങ്ങൾ, പൂരങ്ങൾ, പെരുന്നാളുകൾ ഇങ്ങിനെ ജനത്തിരക്കുള്ള സ്ഥലങ്ങളിൽ നിർഭാഗ്യവശാൽ കണ്ടുവരാവുള്ള നിരാലംബരായ കുഷ്ഠരോഗികളുടെ കഷ്ടാവസ്ഥയിൽനിന്നനുഭവിച്ച ഹൃദയവേദനകൊണ്ടാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. പ്രത്യേകിച്ചും ഓരോ ഉത്സവകാലങ്ങളിൽ അമ്പലനടകളിലും പെരുന്നാൾകാലത്തു പള്ളി

LIBRARY ARCHIVES Kerala Legislative Assembly

നടകളിലും വന്നുകൂടുന്ന അത്തരക്കാരെക്കണ്ടാൽ ഇരുവളരെ കുഷ്ഠരോഗികളുണ്ടോ നമ്മുടെ കൊച്ചിയിൽ, അഡൂരിൽ അതിഗംഭീരമായ ലെപ്പർ അസൈലം നിൽക്കുന്നുള്ള കൊച്ചിയിൽ എന്നു സംശയിക്കുന്നതരത്തിലാണ് അവരുടെ സംഖ്യ വർദ്ധിച്ചുകാണുന്നത്. ഇതു ഞാൻ പലപ്പോഴും വളരെ ഹൃദയവേദനയോടുകൂടി വീക്ഷിച്ചിട്ടുള്ള ഒരു കാഴ്ചയാണ്. നമ്മുടെ കൊച്ചി രാജ്യത്തു വലിയ ഒരു കുഷ്ഠരോഗാശുപത്രിയും അതിനുവേണ്ടി വലിയ ചിലവും ഉണ്ടെങ്കിലും അതിനകത്തുള്ളതിനേക്കാൾ അധികം കുഷ്ഠരോഗികളെ പുറത്തെങ്ങുംതന്നെ കാണുന്നുണ്ട്. ആശുപത്രി നമ്മുടേയും രോഗികൾ അവരുടേയുമായിട്ടുണ്ട്. ഏതായാലും ഒരുകായ്മ്മതീർച്ചയാണ്. ഹെൽത്തുഡിപ്പാർട്ടുമെൻറ് നിലനിൽക്കണമെങ്കിൽ, ഹെൽത്തു ജനങ്ങൾക്കുണ്ടാകണം, ആ വകുപ്പിനു മാത്രം ഉണ്ടായാൽ പോരാ എന്നാണെങ്കിൽ, കുഷ്ഠരോഗികളെയെല്ലാം പിടിച്ചു് ഒരു ദിക്കിൽ സ്ഥാപിക്കുകതന്നെവേണം. ആധുനിക സമ്പ്രദായപ്രകാരം ഒരോ കുഷ്ഠരോഗികൾക്കും വിസ്താരമുള്ള ഒരോ മുറി വേണം. അതിനുള്ള സ്ഥലമില്ലാ എന്നുള്ളതൊന്നും തക്ക സമാധാനമല്ല. കൊച്ചീരാജ്യത്തു വെളിമ്പറമ്പുകൾ ധാരാളമുണ്ട്. അനാവശ്യത്തിനും ആഡംബരത്തിനും വേണ്ടപ്പോഴൊക്കെ വേണ്ടതിലേറെ പണവുമുണ്ട്. കുഷ്ഠരോഗികൾക്കു പരിഷ്കരിച്ച ബങ്കളാവുകളൊന്നും വേണ്ട. കിടന്നു പൊറുക്കാനുള്ള മുറികളേ വേണ്ടൂ. കുഷ്ഠരോഗികളുടെ രോഗം മാറാത്തതാണ്. മരിച്ചാലുംകൂടി മാറാത്ത സാധനമാണ് അവരുടെ കയ്യിലുള്ളതു്. സാംക്രമികരോഗങ്ങളുടെ അധിപതിതന്നെയാണ് കുഷ്ഠം. അതിനു സ്വാതന്ത്ര്യസഞ്ചാരം അനുവദിച്ചുകൂടാ. അതുകൊണ്ടു് സ്ഥലമില്ലെങ്കിൽ സ്ഥലമുണ്ടാക്കിക്കൊടുത്തു് അവരിൽനിന്നും പൊതുജനങ്ങൾക്കു് ആപത്തുവരാതെ സൂക്ഷിക്കണം. അതു ഗവൺമ്മെണ്ടിൻറെ പ്രാഥമികകർത്തവ്യങ്ങളിൽ പ്രഥമഗണനീയമായതാണ്. ഒഴിച്ചുവിട്ടാൽ പൊതുജനങ്ങൾക്കു് കുഷ്ഠരോഗികളിൽനിന്നും ഉണ്ടാകുന്ന ഉപദ്രവം അസംഖ്യങ്ങളും വിപുലതരങ്ങളും അപരിഹാര്യങ്ങളും ആയിരിക്കും. ഇപ്രകാരമുള്ള പകച്ചവ്യാധിയുള്ളവരെ കാണുന്നതു്, തൊടുന്നതു് എന്നു വൈദ്യവിദഗ്ധന്മാർ ഉറച്ചു പറയുമ്പോൾ അവർ നമ്മുടെ കൂട്ടത്തിൽ കൂടിയ്ക്കുകയും, റോഡിൽ സഞ്ചരിക്കുകയും, നമ്മുടെ വീടുകളിൽ ധർമ്മത്തിനു വരികയും, ജനക്കൂട്ടത്തിൽച്ചേർന്നു സഞ്ചരിക്കയും ചെയ്യാൻ പാടുണ്ടോ നിവൃത്തി; ആരാണതിനുത്തരവാദി. അവർക്കു ധർമ്മംകൊടുക്കാതിരിയ്ക്കുവാനും നിവൃത്തിയില്ല. അതും കടുധർമ്മമായിരിക്കും.

ഇനി തൃശ്ശിവപേരൂർപട്ടണത്തിൽ വെറുതെ റോഡിൽക്കൂടി നടന്നു പോകുകയാണെങ്കിൽ വഴിയിലെല്ലാംതന്നെ കുഷ്ഠരോഗികളെ ഏറെക്കുറെ കാണാതിരിയ്ക്കുകയില്ല. അവിടത്തെ പ്രധാനപ്പെട്ട തെരുവുകളിലെ വളവുകളിൽ ഇരുന്നുകൊണ്ടു് ഭയങ്കരീയമായ വിധത്തിൽനിലവിളിയ്ക്കുന്നവരി

LIBRARY ARCHIVES Kerala Legislative Assembly

ൽപലരും കുഷ്ഠരോഗികൾതന്നെയാണ്. അവരിൽ അധികംപേരും രോഗംവന്നു ചീഞ്ഞലിഞ്ഞുകഴിഞ്ഞിട്ടുള്ളവരും ആണ്. അങ്ങിനെയുള്ള ആളുകൾ പുറത്തു് കൊടിനടക്കുന്നതിൽനിന്നുണ്ടാകാവുന്ന ആപത്തുകൾ എപ്രകാരമുള്ളവയാണെന്നുംകൂടി ആരോഗ്യത്തിന്റെ അധിദേവന്മാരായ വകുപ്പദ്ധ്യക്ഷന്മാർ കനാലോചിയ്ക്കണം. ഈ ഹെൽത്തുവകുപ്പദ്ധ്യക്ഷനും മറ്റു വകുപ്പദ്ധ്യക്ഷന്മാരും ഇതൊന്നും കാണാതെകണ്ടോണിരിയ്ക്കുന്നതെന്നു പായുവാൻ നിവൃത്തിയില്ല. അവർ അതു കണ്ടിട്ടുപോലും ഇതുവരെ യാതൊന്നും ചെയ്യാത്തതിനാൽ ഇനിയെങ്കിലും അവരെക്കൊണ്ടു വേണ്ടും പോലെ ചെയ്യിയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടു് ഇവരുടെ കായ്മത്തിൽ എന്തെങ്കിലും കുന്നു് ഉടനെ ഗവൺമെൻറു ചെയ്യുവാൻ തയ്യാറില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രബലമായ പ്രതിഷേധത്തെ ഇവിടെ പ്രത്യക്ഷപ്പെടുത്തി രേഖപ്പെടുത്തണമെന്നു് ബഹുമാന്യന്മാരായ അനുദ്യോഗസ്ഥസാമാജികന്മാരോടു് എനിയ്ക്കുപേക്ഷയുണ്ടു്. ഈ ഉപക്ഷേപം വോട്ടിനിടുവാനിടവരുന്നതായാൽ ഉദ്യോഗനിലയെ തല്ക്കാലത്തേക്കു വിസ്മരിച്ചു ട്ടഷറിബഞ്ചിലുള്ള ബഹുമാന്യന്മാരും മനുഷ്യത്വത്തെ മറക്കാതെ, സഹോദരസ്നേഹത്തോടും ഭൂതദയയോടുംകൂടി നിങ്ങളും ഞങ്ങളോടൊപ്പംതന്നെ കൈകനിച്ചു പൊന്തിച്ചാൽകൊള്ളാമെന്നു് ഉദ്യോഗസ്ഥമണ്ഡലത്തിലെ മഹാന്മാരോടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Dr. D. Raghavendra Rao:— Sir, at present, there is no regulation which compels lepers, by any law of the land, to be taken into the leper asylum and according to the recent survey made by the Leprosy Expert of the Government of India, the number of lepers in the State, though calculated according to the recent census to be 800, is somewhere about five to six thousand. Sir, is it possible to lock up all these lepers inside an asylum and maintain them at public expense? The allotment for dietary charges is calculated at the rate of Rs. 10 per month, which means they are dieted, clothed and all incidental expenses met. Though the original contract was Rs. 12 per head, due to the fall in the price of commodities, I represented the matter to the authorities of the Salvation Army and they consented to reduce the amount to Rs. 10, and it is working on that basis. Accommodation in that hospital was originally intended for 200 inmates and in order to allow admission to more patients, we have now fixed the number at 300. In leprosy, to have efficient treatment, it is not very good to gather them together in insufficient space. The chance of recovery of such persons will be minimised if we house them in insanitary conditions. As regards the number of leper patients we see on public roads, I may say for the information of the House that

LIBRARY ARCHIVES Kerala Legislative Assembly

those are not cases of leprosy which are infectious. Though these are burnt-out persons and look ugly, they are not really cases of leprosy which infect others. There are even students, found out during examination by the medical inspectors of schools, infected with leprosy. It is such people who ought to be treated in the initial stages. The people whom we see burnt-out are not people who will infect others. It will not be possible for any Government to tackle this problem unless the public at large will come to help. And, I may say for the information of the House, that for the treatment of lepers in the State, there are about 8 leper clinics where free treatment is given on modern lines. Several people are now resorting to this method of treatment. Next year, it is proposed to launch on a scheme by training a medical officer in the Tropical School of Medicines at Calcutta who will tour round and make house to house examination and instruct the people to go to the nearest medical institution to get themselves treated. Beyond this, I do not think Government will be in a position to launch on a bigger scheme. I may say that of all the States, I do not think there is any other state that has tackled this problem in the way we have done.

മിസ്റ്റർ പി. രാമൻ മേനോൻ:—എന്റെ ഉപക്ഷേപം ഹാജരാകു ന്ന അവസരത്തിൽ ചെയ്ത പ്രസ്താവനയിൽ നിന്നു വളരെ അധികം മു ന്നോക്കമാണ് ഇപ്പോൾ പോയിട്ടുള്ളതു്. ഇതിനു മുമ്പു പ്രസ്താവിച്ച ഭ്രാ ന്തന്മാരുടെ കാര്യം പോലെയല്ല ഈ കുഷ്ഠരോഗികളുടെ സ്ഥിതി. ബഹു മാന്യനായ വൈദ്യവകുപ്പദ്ധ്യക്ഷൻ പറഞ്ഞതു് നമ്മുടെ രാജ്യത്തു് പല രും കുഷ്ഠരോഗികളാണോ എന്നു സംശയിക്കത്തക്ക ഒരു നില കൈവന്നി ട്ടുണ്ടെന്നും, അത്രത്തോളം കുഷ്ഠരോഗം ഈ രാജ്യത്തു വ്യാപിച്ചിട്ടുണ്ടെന്നും, മുമ്പു് ഇവിടെ വ്യാ മാത്രം ഉണ്ടായിരുന്ന കുഷ്ഠരോഗികൾ ഇപ്പോൾ എ ണ്ണായിരത്തോളമായി വർദ്ധിച്ചിട്ടുണ്ടെന്നും പല സ്കൂൾ കുട്ടികൾക്കും നമ്മി ൽ ചിലർക്കുതന്നെയും കുഷ്ഠരോഗമില്ലെ എന്നു സംശയിക്കത്തക്ക നിലയി ൽ ആ ഭയകര വ്യാധി വ്യാപിച്ചിട്ടുണ്ടെന്നും ആണ്. ഇതിനെ ഇല്ലാതാ ക്കുവാൻ പൊതുജനങ്ങളുടെ സഹായം വേണമെന്നുണ്ടെങ്കിൽ ഗവണ്മെ ൻറ് അവരോടു സഹായം അഭ്യർത്ഥിച്ചുവോ ? പിന്നെ കുഷ്ഠരോഗികളെ നിയന്ത്രിക്കുവാൻ നിയമം വേണമെന്നും അതിപ്പോഴില്ലെന്നും പറഞ്ഞു. നിയമമുണ്ടാക്കുവാൻ വല്ല പ്രയാസവുമുണ്ടോ ? അനാവശ്യമായ എത്ര നിയമങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. എന്തുകൊണ്ടു് ഇതിനു വേണ്ടതുണ്ടാ ക്കിയില്ല? ഭയകരമായ ഒരു നില നാട്ടിൽവന്നിട്ടും വ്യാ കുഷ്ഠരോഗി കൾ അടുത്ത കാലത്തു് വ്യാ ആയിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടിട്ടും ബാക്കിയു ള്ളവക്കെങ്കിലും അതു ബാധിക്കാത്തവിധത്തിൽ ഒരു നിയമമുണ്ടാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിവുള്ള നിയമവിദഗ്ധന്മാർ ഈ നാട്ടിലില്ലേ? ഈവക കാര്യങ്ങളൊന്നും മൂടിവയ്ക്കുവാൻ നിവൃത്തിയില്ലാത്തതാണ്. നിയമമില്ലെങ്കിൽ അതിന് ഉടനെ ഒരു നിയമമുണ്ടാക്കണം; പണമില്ലെങ്കിൽ പാഴ്ചിലവുകളെല്ലാം കുറെക്കാലത്തേക്കെങ്കിലും നിറുത്തിവച്ചു പണമുണ്ടാക്കണം. രാജ്യം മുഴുവനും കുഷ്ഠരോഗപ്രവാഹത്തിൽ ആണ്ടു പോകുന്നതു കണ്ടുകൊണ്ടിരിക്കയോ ഗവൺമെൻറിന്റെ കർത്തവ്യം? എല്ലാം നിറുത്തിവച്ചും എന്നാവും പ്രധാനപ്പെട്ട ഇക്കാര്യം നിർവ്വഹിക്കണം. ആരോഗ്യവകുപ്പിനെക്കാളും രാജ്യത്താണ് ആരോഗ്യം വേണ്ടതു്. അതിനു തക്കവണ്ണം വേണ്ടതൊക്കെ ഉടനെ ചെയ്യാമെന്ന് ഏല്ക്കുന്ന പക്ഷം തല്ക്കാലം സമാധാനപ്പെടാം. അതിനുള്ള ദയവുണ്ടാകുമോ എന്നാണു ചോദിക്കുന്നതു്.

Motion was, with leave, withdrawn.

The Demand under Medical minus Re. 1 put and carried.

16 — Medical — Cranganur — Rs. 5,880.

Dr. D. Raghavendra Rao:— Sir, I rise to move for a grant of Rs. 5,880 under 16 — Medical — Cranganur.

Demand put and carried.

24 — Ayurveda — Rs. 15,818.

Mr. K. Achyuta Menon:— Sir, I rise to move for an allotment of Rs. 15,818 under 24 Ayurveda. I do not want to make a speech at all. The Hon'ble Members would have found that my demand last year was only Rs. 13,900 and that my demand this year is in excess of last year by about Rs. 2,000. The two main items of increase have been mentioned in the Finance Member's Speech and they are increased provision for the purchase of instruments and provision for the payment of an honorarium to the Superintendent of the Hospital. I request the House to grant this amount.

Motion No. 52.

Mr. T. K. Nayar:— *To reduce the allotment of Rs. 5,325 for supplies by Re. 1. (To request the Government to make arrangements to supply medicines to the Panchayat Vaidyasalas from the Rama Varma Central Ayurvedic Hospital.)*

സർ, തൃശ്ശൂരിൽ ഒരു ആയുർവ്വേദ വൈദ്യശാല സ്ഥാപിക്കുവാനായിട്ട് ഇതിനുമുമ്പു് നിയമസഭയിൽ അനുദ്യോഗസ്ഥസാമാജികന്മാർ ഗവൺമെൻറിനോടപേക്ഷിച്ചിട്ടുള്ളതിന്റെ പ്രധാനമായ ഉദ്ദേശം ഇന്നത്തെ പഞ്ചാ

LIBRARY ARCHIVES Kerala Legislative Assembly